പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 833 — 11/07/2016 - ൽ മറുപടിക്ക്

**തുണക്കടവ് ജി.റ്റി.ഡബ്ള്യൂ എൽ.പി സ്കൂളിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ. ബാബു | | പ്രൊ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസവകുപ്പ് മന്ത്രി) | |
| (എ) | പറമ്പിക്കുളം ആദിവാസി മേഖലയിലുള്ള വിവിധ ഊരുകളിലെ കുട്ടികൾ പ്രൈമറി വിദ്യാഭ്യാസം നടത്തുന്ന തുണക്കടവ് ജി.റ്റി.ഡബ്ള്യൂ എൽ.പി സ്കൂളിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ഉണ്ട്. കൊല്ലങ്കോട് വിദ്യാഭ്യാസ ഉപജില്ലയുടെ കീഴിലുള്ള തുണക്കടവ് ജി.റ്റി.ഡബ്ല്യൂ.എൽ.പി. സ്കൂളിൽ 2016-17 അധ്യയന വർഷം ആകെ 84 കുട്ടികൾ അധ്യയനം നടത്തുന്നുണ്ട്. അതിൽ രണ്ട് കുട്ടികൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും 82 കുട്ടികൾ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുമാണ്. |
| (ബി) | പ്രസ്തുത സ്കൂളിൽ നിന്നും തുടർ പഠനത്തിന് മറ്റ് സ്കൂളുകളിലേക്ക് പോകുന്ന കുട്ടികളുടെ എണ്ണത്തിൽ വരുന്ന കുറവ് സംബന്ധിച്ച് സർക്കാർ പരിശോധന നടത്തിയിട്ടുണ്ടോ; | (ബി) | പരിശോധന നടത്തിയിട്ടില്ല. |
| (സി) | ഇത്തരം പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിന് തുണക്കടവ് ജി.റ്റി.ഡബ്ള്യൂ എൽ.പി സ്കൂളിനെ ഹൈസ്കൂളായി ഉയർത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | പ്രസ്തുത സ്കൂളിൽ നിന്നും തുടർ പഠനത്തിനായി മറ്റു സ്കൂളുകളിലേയ്ക്ക് കുട്ടികൾ പോകുന്നത് ബുദ്ധിമുട്ടായതിനാൽ പ്രസ്തുത സ്കൂളിനെ ഹൈസ്കൂളായി ഉയർത്തുന്ന കാര്യം പരിശോധിച്ചു വരുന്നു. കൂടാതെ പുതിയ ഹൈസ്കൂൾ പറമ്പിക്കുളം മേഖലയിൽ ആരംഭിക്കുന്നതിന് എസ്.എസ്.എയുടെ നേതൃത്വത്തിൽ ശ്രമം നടത്തി വരുന്നു. |

Sreedevi

സെക്ഷൻ ഓഫീസർ